# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 946    02.12.2015 - ൽ മറുപടിക്ക്

## കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.കെ.ശിവദാസൻ നായർ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;<br><br>(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | എ) & (ബി) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ചെറുതും വലുതുമായ 1100ഓളം പദ്ധതികളിലൂടെയാണ് ഇപ്പോൾ കുടിവെള്ളം നല്കി വരുന്നത്. ശുദ്ധമായ കുടിവെള്ളം കൂടുതൽ ജനങ്ങളിലെത്തിക്കുക എന്നതാണ് ടി കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിലൂടെ ഉദ്ദേശിക്കുന്നത്.<br>കൂടുതൽ ജനങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി ഇപ്പോൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ വിവിധ തലങ്ങളിലായി നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു ലക്ഷ്യമിട്ടുകൊണ്ട് മിഷൻ 676 ൽ ഉൾപ്പെടുത്തി 154 കുടിവെള്ളപദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഈ പദ്ധതികളിൽ നാളിതുവരെ 49 പദ്ധതികൾ പൂർത്തീ കരിച്ചിട്ടുണ്ട്. ബാക്കി പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൂടാതെ ജലനിധി പദ്ധതിക്ക് കീഴിൽ ലോകബാങ്ക് ധനസഹായത്തോടെ $5^1/_2$ വർഷത്തെ കാലാവധിയിൽ സമയബന്ധിതമായി പൂർത്തീകരിക്കേണ്ട കുടിവെള്ള - ശുചിത്വ |

പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

ജലനിധിയുടെ രണ്ടാംഘട്ട പദ്ധതി നടപ്പാക്കുന്നതിലൂടെ 200 ഓളം ഗ്രാമപഞ്ചായത്തുകളിൽ ഇരുപത് ലക്ഷം ഗ്രാമീണ ജനതയ്ക്ക് മെച്ചപ്പെട്ട ശുദ്ധജല ലഭ്യതയും ശുചിത്വ സംവിധാനങ്ങളും എത്തിക്കുവാനും ആണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(സി) കൂടുതൽ ജനങ്ങൾക്ക് ജലലഭ്യത ഉറപ്പു വരുത്തുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തി തടസ്സങ്ങൾ ഉണ്ടെങ്കിൽ അതു നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ ഹെഡ് ഓഫീസിൽ മാനേജിംഗ് ഡയറക്ടറുടെ മേൽനോട്ടത്തിലും പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ